ഉത്തരം

(എ) ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജിമാർ സ്ഥാപിച്ചിട്ടുള്ള പരാതി പെട്ടികൾ സംസ്ഥാനത്തെ ജയിലുകളിൽ ഉണ്ട്. അവയുടെ താക്കോൽ അതാത് ജഡ്ജിമാർ സൂക്ഷിക്കുന്നു. ഇതുകൂടാതെ ജയിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം സെൻട്രൽ ജയിലിലും, വിയ്യൂർ സെൻട്രൽ ജയിലിലും ഓരോ പരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന ആവശ്യമായ കാര്യങ്ങളിൽ ജയിൽ ഡി. ജി. പി.-ക്ക് നേരിട്ട് പരാതികൾ സമർപ്പിക്കുന്നതിനാണിത്. താക്കോൽ ജയിൽ ഡി. ജി. പി. സൂക്ഷിക്കുന്നു.

(ബി) ജില്ലാ പ്രിൻസിപ്പൽ ജഡ്ജിമാർ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികൾ എല്ലാമാസവും, ജയിൽ ഡി. ജി. പി. സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികൾ എല്ലാ മാസത്തിലെ പതിനഞ്ചാം ദിവസവും തുറന്ന് പരിശോധിക്കുന്നു. ബന്ധപ്പെട്ട സൂപ്രണ്ടിന്റെ അഭിപ്രായമോ വിശദീകരണമോ ആവശ്യമുള്ളവ മാത്രം സൂപ്രണ്ടുമാർക്ക് അയച്ചുകൊടുക്കുന്നുണ്ട്.

(സി) ഉണ്ട്.

ജയിലുകളിൽ രാഷ്ട്രീയ നേതാക്കൾക്ക് സന്ദർശനാനുമതി

101. [101] ശ്രീ. ജി. കാർത്തികേയൻ:
" ബി. വിജയകുമാർ:
" ടി. യു. രാധാകൃഷ്ണൻ:
" പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സെൻട്രൽ ജയിലുകളുണ്ട്; ഇവ എവിടെയെല്ലാമാണ്; ഈ ജയിലുകളിൽ രാഷ്ട്രീയ നേതാക്കൾക്ക് സന്ദർശനാനുമതി നൽകാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ എല്ലാ ബ്ലോക്കുകളും ഇവർ സന്ദർശിക്കാറുണ്ടോ;

(സി) രാഷ്ട്രീയ നേതാക്കളുടെ സന്ദർശനാനന്തരം ഏതെല്ലാം സെൻട്രൽ ജയിലുകളിലെ ഏതെല്ലാം ബ്ലോക്കുകളിൽ അസ്വസ്ഥതയുണ്ടാവുകയും അവിടെ നിന്നും അതിനടുത്തുള്ള സ്റ്റോറിൽ നിന്നും മാരകായുധങ്ങൾ, മദ്യക്കുപ്പികൾ, ബീഡിചാക്കുകൾ മുതലായവ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്;

(ഡി) പ്രസ്തുത ബ്ലോക്കുകൾ സന്ദർശിച്ച രാഷ്ട്രീയ നേതാക്കളാരെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൊത്തം മൂന്ന് സെൻട്രൽ ജയിലുകളുണ്ട്. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നിവിടങ്ങളിലാണ്. ഈ ജയിലുകളിൽ അർഹരായ സന്ദർഭങ്ങളിൽ രാഷ്ട്രീയ നേതാക്കാൾക്ക് സന്ദർശനാനുമതി നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) സന്ദർശനാനന്തരം ബ്ലോക്കുകളിൽ അസ്വസ്ഥതയുണ്ടായിട്ടില്ല. അഹാല യളവിൽ ബ്ലോക്കുകളോ, അതിനടുത്തുള്ള സ്റ്റോറുകളോ പരിശോധിക്കുകയോ, മാരകായുധങ്ങൾ മുതലായവ കണ്ടെടുക്കുകയോ ഉണ്ടായിട്ടില്ല.

(ഡി) 4-6-2005-ന് ബഹു. നിയമസഭാ സാമാജികനായ ശ്രീ. എം. വി. ജയരാജൻ മറ്റു ചിലരുമായി കണ്ണൂർ സെൻട്രൽ ജയിലിനകത്തുപോയി തടവുകാരെ സന്ദർശിച്ചിരുന്നു. വേറെ രാഷ്ട്രീയ നേതാക്കളാരും ബ്ലോക്കുകൾ സന്ദർശിച്ചിട്ടില്ല.

ഉദ്യോഗസ്ഥന്മാരിലെ ക്രിമിനലുകൾ

102. [102] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ ഉദ്യോഗസ്ഥന്മാരിൽ ക്രിമിനലുകൾ ഉണ്ടെന്ന ഐ. ജി. യുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അവരെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ജയിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് നിയോഗിച്ച സ്പെഷ്യൽ സ്ക്വാഡിന്റെ മിന്നൽ പരിശോധന ആരോപണ വിധേയമായ എല്ലാ ജയിലുകളിലും വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു. തിരുവനന്തപുരം സെൻട്രൽ ജയിലിൽ ചുറ്റുമതിലിനുചുറ്റും നിരീക്ഷണം നടത്തുവാൻ പോലീസിനെ ഏർപ്പെടുത്തുവാനും, രാത്രിയും, പകലും പോലീസ് പട്രോളിംഗ് നടത്തുവാനും തീരുമാനിച്ചു. വകുപ്പ് ഡ്യൂക്ഷന്റെ നേരിട്ടു നിയന്ത്രണത്തിലുള്ള പരാതിപ്പെട്ടികൾ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ ജയിലുകളിൽ സ്ഥാപിച്ചു. ഇതുവഴി തടവുകാർക്ക് ജയിലിലെ ക്രമക്കേടുകളെക്കുറിച്ചും, ഉദ്യോഗസ്ഥരുടെ അഴിമതികളെക്കുറിച്ചും ജയിൽ ഡി. ജി. പി. യെ നേരിട്ടു വിവരങ്ങൾ ധരിപ്പിക്കുവാൻ കഴിയും.

നിരന്തരമായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരായികണ്ട ജയിൽ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും, സ്ഥലംമാറ്റിനിയമിക്കുകയും ചെയ്തു.

ക്രമക്കേടുകൾ നടക്കുന്നതായി ആരോപണം ഉയർന്ന ജയിൽ സ്ഥാപനങ്ങളിൽ വകുപ്പ്ഡ്യൂക്ഷൻ മിന്നൽ പരിശോധനകൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly